താഴെപ്പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക്:

(i) പ്രുഡെൻഷ്യൽ ഇന്റർ ബാങ്ക് (ഗ്രോസ്സ്) & കൌണ്ടർ പാർട്ടി വെളിപ്പെടുത്തൽ പരിധി ലംഘിച്ചു; കൂടാതെ

(ii) ഉപഭോക്താക്കളുടെ കെ വൈ സി വിവരങ്ങൾ സെൻട്രൽ കെ വൈ സി റെക്കാർഡ്സ് രെജിസ്ട്രിയിൽ (സി കെ വൈ സി ആർ) നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ കൂട്ടിച്ചേർക്കുന്നതിൽ വീഴ്ച വരുത്തി.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരു മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**

**പത്രക്കുറിപ്പ് :2025-2026/599** ചീഫ് ജനറൽ മാനേജർ